**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3302** **13-07-2022 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് മണ്ഡലത്തിലെ വിഷൻ ആന്റ് മിഷൻ പദ്ധതിയും സ്മാർട്ട് വില്ലേജ് ഓഫീസുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ പെരുവള്ളൂർ വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | പെരുവള്ളൂർ വില്ലേജ് ഓഫീസ് നിലവിൽ ഉറപ്പുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നതിനാൽ ചെറിയ തോതിലുള്ള അറ്റകുറ്റപ്പണികൾ നിർവ്വഹിച്ച് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി മാറ്റുന്നതിനായി മുൻഗണനാക്രമത്തിൽ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പരിശോധിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഉൾപ്പെടുന്ന തേഞ്ഞിപ്പലം, പള്ളിക്കൽ, ചേലേമ്പ്ര എന്നീ വില്ലജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം പണിയുന്നതിനുള്ള ഫണ്ട് അനവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | തേഞ്ഞിപ്പാലം, പള്ളിക്കൽ വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം പണിയുന്നതിനുള്ള ഫണ്ട് അനുവദിച്ചിട്ടില്ല. ചേലേമ്പ്ര വില്ലേജിനെ പ്ലാൻ സ്കീം 2019-2020 ൽ ഉൾപ്പെടുത്തി അറ്റകുറ്റ പണി നടത്തി സ്മാർട്ട് വില്ലേജ് തലത്തിലേയ്ക്ക് ഉയർത്തുന്നതിനായി, പ്രവൃത്തി നിർവ്വഹണത്തിന് ജില്ലാ നിർമ്മിതി കേന്ദ്രയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.<br><br>അഞ്ച് വർഷക്കാലത്തിനിടയിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഇതനുസരിച്ച് ഒരു വില്ലേജ് സ്മാർട്ടാക്കാൻ അറ്റകുറ്റപണികൾ മാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരം തിരിച്ച് മുൻഗണനാ ക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി വരികയാണ്. ഇതനുസരിച്ച് ആവശ്യമായ നടപടികൾ പരിഗണനയിലാണ്. |
| (സി) | റവന്യൂ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിഷൻ ആന്റ് മിഷൻ 2021-26 പദ്ധതിയുടെ ഭാഗമായി വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ പോകുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | വിഷൻ ആന്റ് മിഷൻ 2021-26 എന്നത് റവന്യൂ ഭവനനിർമ്മാണ ദുരന്ത നിവാരണ വകുപ്പുകൾ 2021 മുതൽ 2026 വരെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പരിപാടികളുടെ ലക്ഷ്യ സാക്ഷാത്ക്കാരമാണ്. ഇതിന്റെ ഭാഗമായി ഓരോ നിയോജക മണ്ഡലത്തിലും ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട പദ്ധതികൾക്ക് സമൂർത്ത രൂപം നൽകുന്നതിനായി ജില്ലാ റവന്യൂ അസംബ്ലി എന്ന പേരിൽ ഓരോ ജില്ലയിലേയും നിയമസഭാ |

| | | | |
|---|---|---|---|
| | | | സാമാജികരെ ഉൾക്കൊള്ളിച്ച് തിരുവനന്തപുരം ILDM കേന്ദ്രത്തിൽ വെച്ച് 14 ജില്ലകളിലേയും യോഗം ചേരുന്നു. ഈ യോഗത്തിൽ ഓരോ നിയോജക മണ്ഡലങ്ങളിലും നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ച് നിയമസഭാ സാമാജികർ അവതരിപ്പിക്കുന്ന വിഷയങ്ങൾ എം.എൽ.എ ഡാഷ്ബോർഡ് എന്ന പ്രത്യേക ഡാഷ്ബോർഡിൽ രേഖപ്പെടുത്തി അവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തി മേൽ നടപടികൾ കൈക്കൊള്ളുന്നു. ഓരോ എം.എൽ.എ ക്കും അവർക്ക് നൽകിയിട്ടുള്ള യൂസർ നെയിം, പാസ് വേഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ മണ്ഡലത്തിലെ വിഷയങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്താനാകും. |

സെക്ഷൻ ഓഫീസർ